

02/05/2025

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/05/2025

1. തൃശൂർ പൂരം 2025-ന്റെ ഭാഗമായി തേക്കിൻകാട് മൈതാനത്ത് സംഘടിപ്പിക്കുന്ന പൂരം എക്സിബിഷനിൽ കാർഷിക സർവകലാശാല പുറത്തിറക്കിയ പുതിയ വിത്തിനങ്ങൾ പുതിയ സാങ്കേതിക വിദ്യകൾ എന്നിവയുടെ പ്രദർശനവും സർവകലാശാല വികസിപ്പിച്ചെടുത്ത വിത്തുകൾ, നടീൽ വസ്തുക്കൾ, വാല്യു ആഡഡ് പ്രോഡക്ടസ്, ജൈവജീവാണു വളങ്ങൾ തുടങ്ങിയവയുടെ വിൽപ്പനയും ഉണ്ടായിരിക്കുന്നതാണ്. കമ്മ്യൂണിക്കേഷൻ സെന്റർ, ആറ്റിക്, കശുമാവ് ഗവേഷണ കേന്ദ്രം, അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ, കൊക്കോ റിസർച്ച് സ്റ്റേഷൻ, കണ്ണാറ ബനാന റിസർച്ച് സ്റ്റേഷൻ, വെള്ളാനിക്കര അഗ്രികൾച്ചർ കോളേജ്, ഫോറസ്ട്രി കോളേജ്, പട്ടാമ്പി പ്രാദേശിക ഗവേഷണ കേന്ദ്രം, തുടങ്ങിയ സെന്ററിലെ ഉത്പന്നങ്ങൾ പ്രദർശനത്തിന് ഉണ്ടായിരിക്കും.

2. മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിന് തീറ്റപ്പല്ല്, വൈക്കോൽ എന്നിവ ട്രാൻസ്പോർട്ട് ചെയ്യുന്നതിന് 2 ടണ്ണിൽ താഴെ ശേഷിയുള്ള പിക്-അപ് വാഹനം വാടകയ്ക്ക് (ഡ്രൈവർ ഉൾപ്പെടെ) നൽകുവാൻ താല്പര്യമുള്ളവരിൽനിന്ന് മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തിയതി 08/05 2025 പകൽ 11 മണി വരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന നമ്പറിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

3. പശുക്കിടാങ്ങളെ മാത്രം ജനിപ്പിക്കാൻ മൃഗസംരക്ഷണ വകുപ്പ് മൃഗസംരക്ഷണ വകുപ്പും കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന തരം തിരിച്ച ബീജം ഉപയോഗിച്ചിച്ചുള്ള ബീജാധാനം മലപ്പുറം ജില്ലയിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആരംഭിച്ചു. ഈ ബീജം ഉപയോഗിക്കുന്നതുമൂലം 90 ശതമാനവും പശുക്കിടാങ്ങൾ മാത്രം ജനിക്കുമെന്നാണ് കണക്കാക്കുന്നത്. പൊന്നാനി, പുറത്തൂർ, വണ്ടൂർ, ഇരിമ്പിളിയം, ആനക്കയം, മേലാറ്റൂർ, നിലമ്പൂർ, വഴിക്കടവ്, വട്ടംകുളം, ചാലിയാർ, തുവ്വൂർ, മുതുവല്ലൂർ, പറവണ്ണ, അരിയല്ലൂർ, നന്നമ്പ്ര, കരുവാരക്കുണ്ട്. പെരിന്തൽമണ്ണ, മൂന്നിയൂർ, കോട്ടക്കൽ, ഊർങ്ങാട്ടിരി, അമരമ്പലം എന്നീ പഞ്ചായത്തുകളിലെ മൃഗാശുപത്രികളിൽ നിലവിൽ തരം തിരിച്ച ബീജം ലഭ്യമാണെന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

4. റബ്ബർമരങ്ങൾ മഴക്കാലത്ത് റെയിൻഗാർഡുചെയ്ത് ടാപ്പുചെയ്യേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും റെയിൻഗാർഡുചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും അറിയാൻ റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (2025 മെയ് 02 വെള്ളിയാഴ്ച) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ഡോ. കെ.എ. വിൻസെന്റ് ഫോണിലൂടെ മറുപടി നൽകും. കോൾസെന്റർ നമ്പർ 0481 – 2576622.

## പരിശീലന പരിപാടി

5. കേരള കാർഷിക സർവകലാശാലയുടെ വിജ്ഞാന വയാപനഡയറക്ടകററ്റിന് കീഴിലുള്ള മണ്ണുത്തി സെൻട്രൽ ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂട്ട് "വിള സുസ്ഥിരതയ്ക്കുള്ള ജൈവ ഇടപെടലുകൾ എന്ന വിഷയത്തിൽ 3മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിച്ചു വരുന്നു. പ്ലസ്ടു/തത്തുല്യയോഗ്യതയുള്ളവരിൽ നിന്നുംഅപേക്ഷ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ-04872371104 വെബ്സൈറ്റ് : **https://cti.kau.in**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ബോട്ടണി ഡിവിഷനിൽ 'റിസേർച്ച് അസോസിയേറ്റ് (സ്റ്റാറ്റിസ്റ്റിഷ്യൻ)നെ താത്കാലികാടിസ്ഥാനത്തിൽ നിയമിക്കാൻ എഴുത്തു പരീക്ഷയും വാക്ക് ഇൻ ഇന്റർവ്യൂവും നടത്തുന്നു. അപേക്ഷകർക്ക് അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സിൽ ബിരുദാനന്തരബിരുദമോ തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം. അപേക്ഷകർക്ക് 2025 ജനുവരി 31-ന് 35 വയസ്സ് കവിയാൻ പാടില്ല. താൽപര്യമുള്ളവർ വിദ്യാഭ്യാസയോഗ്യത, വയസ്സ്, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളുമായി 2025 മെയ് 06 രാവിലെ 9.30-ന് ഡയറക്ടർ (റിസർച്ച്), ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി.ഒ., കോട്ടയം-686009 മുമ്പാകെ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0481-2353311 എന്ന ഫോൺനമ്പരിൽ ബന്ധപ്പെടുകയോ www.rubberboard.gov.in വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.